"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - വയനാട് പനമരം ഗവ. നഴ്സിംഗ് സ്കൂളിലെ നഴ്സിംഗ് ട്യൂട്ടർ ആയ ശ്രീമതി സുമതി പി.കെ. ഫയൽ ചെയ്ത OA [EKM] No 1798/2023 കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 06.11.2023 തീയതിയിലെ വിധി ന്യായം അനുപാലനം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.960/2025/H&FWD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. ശ്രീമതി സുമതി പി.കെ. സമർപ്പിച്ച 28.08.2023 തീയതിയിലെ അനുബന്ധം എ 9 അപേക്ഷ
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA [EKM] No 1798/2023 കേസിൽ പുറപ്പെടുവിച്ച 06.11.2023 തീയതിയിലെ വിധി ന്യായം
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.12.2023 തീയതിയിലെ DHS/22095/2023-EE2 നമ്പർ കത്ത്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.03.2024 തീയതിയിലെ DHS/22095/2023-EE2 നമ്പർ കത്ത്
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.05.2024 തീയതിയിലെ DHS/22095/2023-EE2 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് പനമരം ഗവ. നഴ്സിംഗ് സ്കൂളിലെ നഴ്സിംഗ് ട്യൂട്ടർ ആയ ശ്രീമതി സുമതി പി.കെ., ടിയാൾക്ക് നഴ്സിംഗ് ട്യൂട്ടർ നിയമനം ലഭിച്ചപ്പോൾ ഉയർന്ന സ്കെയിലിൽ ശമ്പള ഫിക്സേഷൻ ലഭിച്ചില്ലായെന്ന് കാണിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA [EKM] No 1798/2023 കേസ് ഫയൽ ചെയ്യുകയും ടി കേസിലെ 06.11.2023 തീയതിയിലെ വിധിന്യായത്തിൽ, അനുബന്ധം-എ9 പരിഗണിച്ച്, അപേക്ഷകയെ നേരിൽകേട്ട ശേഷം, ടി വിധിന്യായം കൈപ്പറ്റി മൂന്ന് മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ ടി കേസിൽ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. കോടതി വിധി പാലിക്കുന്നതിന്റെ ഭാഗമായി 05/12/2023 ൽ സർക്കാർ ടിയാളെ നേരിൽ

കേൾക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രസ്തുത ഹിയറിങ്ങിനു ഹാജരായിരുന്നു. നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ചപ്പോൾ കെ.എസ്.ആർ പാർട്ട് 1 റൂൾ 37 (ബി) പ്രകാരം ഉയർന്ന സ്കെയിലിൽ ശമ്പള ഫിക്സേഷൻ ലഭിച്ചില്ലായെന്നതാണ് ശ്രീമതി സുമതി പി.കെ. -യുടെ പരാതി.

3 . 25-1-2019-ലെ ഉത്തരവ് പ്രകാരം 32300-68700 ശമ്പള സ്കെയിലിൽ ഹെഡ് നേഴ്സ് ആയി സ്ഥാനക്കയറ്റം ലഭിച്ചതായും, ടി സമയത്ത് നേഴ്സ് തസ്തികയുടെ 15 വർഷ സേവനത്തിനുള്ള രണ്ടാം സമയബന്ധിത ഹയർ ഗ്രേഡായ 35,700-75,600 എന്ന ഉയർന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്തു വരുകയും, ഇത്തരത്തിൽ ഹയർ ഗ്രേഡ് ലഭിച്ചവർ "നോൺ കേഡർ" പോസ്റ്റിലാണ് ജോലിചെയ്യുന്നതെന്നും, 15 വർഷ സേവനത്തിനുള്ള രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ പ്രസ്തുത നോൺ കേഡർ പോസ്റ്റിന്റെ ശമ്പള സ്കെയിൽ 35700-75600 ആണെന്നും പ്രസ്താവിക്കുന്നു. പ്രസ്തുത സ്കെയിലിൽ ജോലി ചെയ്യുമ്പോഴാണ് കേഡർ തസ്തികയിൽ അതിനേക്കാൾ താഴ്ന്ന ശമ്പള സ്കയിലായ 32300- 68700 ൽ ഹെഡ് നേഴ്സ് ആയി പ്രൊമോഷൻ ലഭിച്ചതെന്നും, ഉയർന്ന സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലേക്ക് പ്രമോഷൻ ലഭിക്കുമ്പോൾ ശമ്പള നിർണ്ണയം നടത്തേണ്ടത് കെ.എസ്.ആർ പാർട്ട്-1 റൂൾ 37 (ബി) പ്രകാരമായിരിക്കണമമെന്ന് സ.ഉ (പി) നം 211/2005/ ധന തീയതി 11.05. 2005 വ്യക്തമാക്കിയിട്ടുണ്ടെന്നും, ഈ ഉത്തരവിൽ, ഉയർന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുമ്പോൾ, സ്പെഷ്യൽ റൂളിൽ പറഞ്ഞതു പ്രകാരം താഴ്ന്ന സ്കെയിലിലേക്ക് പ്രൊമോഷൻ / നിയമനം ആവുകയാണെങ്കിൽ, പുതിയ തസ്തികയുടെ സ്കെയിലിൽ, ടിയാൻ വാങ്ങി വന്നിരുന്ന ശമ്പളം സംരക്ഷിച്ചു കൊടുക്കണം എന്ന് വ്യവസ്ഥയുള്ളതായും വാദിക്കുന്നു. ഇതനുസരിച്ച് 35700-75600 എന്ന സ്കെയിലിൽ ജോലിയിൽ ഇരിക്കെ സ്പെഷ്യൽ റൂൾ വ്യവസ്ഥ പ്രകാരം 32300-68700 എന്ന താഴ്ന്ന സ്കെയിലേക്ക് നിയമനം ലഭിച്ചപ്പോൾ മാനന്തവാടി ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 13.06.2022 ലെ ഉത്തരവ് പ്രകാരം 35700- 75600 ൽ വാങ്ങി വന്നിരുന്ന ശമ്പളം 32300-68700 എന്ന ശമ്പള സ്കെയിലിൽ സംരക്ഷിച്ച് നൽകിയതായും എന്നാൽ അക്കൗണ്ടന്റ് ജനറൽ ടി ശമ്പള നിർണയം തെറ്റാണെന്ന് പറഞ്ഞ് ശമ്പള നിർണയ അനുമതി നിഷേധിച്ചതായും ആയതിനാൽ പ്രൊമോഷനായി നാളിതുവരെയായും പുതുക്കിയ സ്കെയിലിൽ ശമ്പളം നിർണയിച്ചിട്ടില്ല എന്നും വസ്തുതകൾ പരിശോധിച്ച് മാനന്തവാടി ജില്ലാ ആശുപ്രത്രി സൂപ്രണ്ട് നടത്തിയ ശമ്പള നിർണയം ശരിയാണെന്ന് അക്കൗണ്ടന്റ് ജനറലിനെ അറിയിക്കണം എന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

4. മാനന്തവാടി ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 1 തസ്തികയിൽ 35700-75600 ശമ്പള സ്കെയിലിൽ, 15 വർഷത്തെ ഗ്രേഡ് ലഭിച്ച്, ജോലി നോക്കിവരവെ, 32300-68700 എന്ന ശമ്പള സ്കെയിലിൽ, ഹെഡ് നഴ്സ് ആയി പ്രൊമോട്ട് ചെയ്യപ്പെടുകയും, 31/01/2019 ൽ ഹെഡ് നേഴ്സ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും, പിന്നീട് 26/02/2021 പ്രാബല്യത്തിൽ 35700 -75600 ശമ്പള സ്കെയിലിൽ നഴ്സിംഗ് ട്യൂട്ടർ ആയി ബൈ ട്രാൻസ്ഫർ ലഭിക്കുകയും തുടർന്ന് നഴ്സിംഗ് ട്യൂട്ടർ ആയി ബൈട്രാൻസ്ഫർ ലഭിച്ചുവെങ്കിലും വാങ്ങുന്ന ശമ്പള സ്കെയിലിൽ മാറ്റമില്ലാത്തതിനാൽ ശമ്പള നിർണയ ആനുകൂല്യം നഷ്ടപ്പെടുമെന്ന നിഗമനത്തിൽ കെ.എസ്.ആർ പാർട്ട് 1, റൂൾ 37 (ബി) പ്രകാരം ടിയാന്റെ ശമ്പളം, ഹെഡ് നേഴ്സ് തസ്തികയിൽ 31/01/2019 ൽ 44700 രൂപയായും, തുടർന്ന് ഇൻക്രിമെന്റ് നൽകി 1/1/2020 ൽ 42800 ആയും, 01/01/21 ൽ 46900 ആയും

ഉയർത്തുകയും, 01/07/2019 പ്രാബല്യത്തിലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഹെഡ് നഴ്സിന്റെ (45600-95600) ശമ്പള സ്കെയിലിൽ 62200 ആയി ശമ്പളം നിജപ്പെടുത്തുകയും ഇൻക്രിമെന്റ് നൽകി 1/1/2020 ൽ 63700 ആയും, 01/01/21-ൽ 65200 ആയും ഉയർത്തുകയും ചെയ്തിട്ടുള്ളതായും എന്നാൽ 2014 Pay Revision Para 43 പ്രകാരം ഒരു അഡ്വാൻസ് ഇൻക്രെമെന്റിനു മാത്രമേ ഹർജിക്കാരിക്ക് അർഹതയുള്ളൂ എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഹെൽത്ത് സർവീസസ് (Nursing in Education Wing) സബോർഡിനേറ്റ് സർവീസ് റൂൾസ് -ലെ ചട്ടം 3-ലെ കാറ്റഗറി 1 ആയ Head Nurse തസ്തികയിലേയ്ക്കുള്ള നിയമനരീതി പ്രകാരം Staff Nurse Grade I ൽ നിന്നും Head Nurse-ലേയ്ക്ക് പ്രൊമോഷനും, കേരള ഹെൽത്ത് സർവീസസ് (Nursing in Education Wing) സർവീസ് റൂൾസ്, 2010- ലെ ചട്ടം 3 -ലെ കാറ്റഗറി 4 ആയ Nursing Tutor തസ്തികയിലേയ്ക്കുള്ള നിയമനരീതിയിലെ (1) മത്തെ വ്യവസ്ഥ പ്രകാരം Head Nurse-ൽ നിന്നും Nursing Tutor തസ്തികയിലേയ്ക്കുള്ള നിയമനം ബൈട്രാൻസ്ഫർ നിയമനവുമായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 37(b) പ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്ക് സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ നിയമനം നടത്തുമ്പോൾ ഉയർന്ന സ്കെയിലിൽ വാങ്ങി വന്നിരുന്ന അടിസ്ഥാന ശമ്പളം താഴ്ന്ന തസ്തികയുടെ സ്കെയിലിൽ സംരക്ഷിച്ചു നൽകാവുന്നതാണ്. ഇവിടെ Kerala Health Services (Nursing in Education Wing) Service ചട്ടങ്ങൾ പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ് I തസ്തികയിൽ നിന്നും ഹെഡ് നഴ്സ് തസ്തികയിലേക്കുള്ള നിയമനം പ്രൊമോഷനും, ഹെഡ് നഴ്സ് തസ്തികയിൽ നിന്ന് നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേയ്ക്കുള്ള നിയമനം ബൈ ട്രാൻസ്ഫർ നിയമനവുമാണ്. ശ്രീമതി. പി.കെ. സുമതിയുടെ സ്റ്റാഫ് നഴ്സ് ഗ്രേഡ് I തസ്തികയിൽ നിന്നും ഹെഡ് നഴ്സ് തസ്തികയിലേക്കുള്ള നിയമനം ബൈ ട്രാൻസ്ഫർ നിയമനമല്ല മറിച്ച് സ്ഥാനക്കയറ്റമാണ് എന്നതിനാൽ ടി നിയമനത്തിനെ തുടർന്ന് കെ.എസ്.ആർ ഭാഗം I ചട്ടം 37(b) പ്രകാരമുള്ള ശമ്പള നിർണയം അനുവദനീയമല്ല. കൂടാതെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II (27800-59400) തസ്തികയുടെ രണ്ടാം സമയബന്ധിത ഹയർഗ്രേഡ് സ്കെയിൽ (35700-75600), അതിന്റെ രണ്ടാം പ്രൊമോഷൻ തസ്തികയായ ഹെഡ് നഴ്സ് തസ്തികയുടെ ശമ്പള സ്കെയിലിനേക്കാൾ (32300-68700) ഉയർന്ന ശമ്പള സ്കെയിലായതിനായതിനാൽ, രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചതിനു ശേഷം ഹെഡ് നേഴ്സ് തസ്തികയിലേയ്ക്ക് (32300-68700) പ്രൊമോഷനായ ശ്രീമതി. സുമതി. പി.കെ യെ (35700-75600) എന്ന സമയബന്ധിത ഹയർഗ്രെഡ് സ്കെയിലിൽ തുടരാൻ അനുവദിക്കാവുന്നതാണ് ശ്രീമതി.സുമതി പി.കെ ക്ക് ഹെഡ് നേഴ്സ് തസ്തികയിൽ നിന്ന് താഴ്ച ശമ്പള സ്കെയിലിലേക്ക് അല്ല മറിച്ച് സമാന സ്കെയിലിലുള്ള നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ചതിനാൽ ടിയാൾക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 37 (b) പ്രകാരമുള്ള ശമ്പള നിർണയത്തിന് അർഹതയില്ല. ആയതിനാൽ ഈ വിഷയത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് തടസ്സവാദം ക്രമപ്രകാരമാണ് എന്ന് വ്യക്തമാണ്.

6. കൂടാതെ, ഫീഡർ കാറ്റഗറിയിലുള്ള തസ്തികയുടെ സമാന ശമ്പള സ്കെയിലിലുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റമോ തസ്തികമാറ്റമോ ലഭിക്കുന്ന അവസരത്തിൽ സാധാരണ ഇൻക്രിമെന്റ് കണക്കിലെടുക്കാതെ ഒരു അഡ്വാൻസ് ഇൻക്രിമെന്റ് കൂടി

അനുവദിക്കാവുന്നതാണെന്ന് 10.02.2021 തീയതിയിലെ സ.ഉ.(അച്ചടി) നം. 27/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 39-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 35700-75600 ശമ്പള സ്കെയിലിലുള്ള ഹെഡ്നഴ്സ് തസ്തികയിൽ നിന്നും സമാന ശമ്പള സ്കെയിലിലുള്ള നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിച്ച സാഹചര്യത്തിൽ ശമ്പളപരിഷ്കരണ ഉത്തരവിലെ മേൽപ്പറഞ്ഞ വ്യവസ്ഥക്കനുസൃതമായി ശ്രീമതി സുമതി പി.കെ.-യ്ക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റിന് മാത്രമേ അർഹതയുള്ളൂ എന്ന അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദവും ക്രമപ്രകാരമാണ്.

7. ഇപ്രകാരം അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച തടസ്സവാദം ക്രമപ്രകാരമായതിനാൽ ശ്രീമതി.സുമതി പി.കെ സർക്കാരിൽ സമർപ്പിച്ച അനുബന്ധം- എ9 അപേക്ഷയിലെ ടിയാളുടെ ആവശ്യങ്ങൾ നിരസിച്ചു കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA [EKM] No 1798/2023 കേസിലെ 06.11.2023 തീയതിയിലെ ഉത്തരവ് അനുപാലനം ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ , വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് സ്കൂൾ, പനമരം,വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീമതി സുമതി പി.കെ, ശാന്തി നിവാസ് , പുഴമുടി പി.ഓ., കൽപ്പറ്റ നോർത്ത് , വയനാട് , 673 122

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള , തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (C2/273/2023-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 01-04-2025 12:16:50
സെക്ഷൻ ഓഫീസർ